ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെകാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക്ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി1-7778/10/സിഇ/തസ്വഭവ

തീയതി : 02.05.2017

# സർക്കുലർ

2016-17 സാമ്പത്തികവർഷത്തെ നിയോജകമണ്ഡലം ആസ്തിവികസന (LAC-ADS) പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്ക് 31.05.2017-ന് മുമ്പായി തന്നെ ഭരണാനുമതി ലഭ്യമാക്കേണ്ടതാണ് എന്ന് ധനകാര്യ വകുപ്പിന്റെ 29.03.2017-ലെ 19/2017/ധന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സർക്കാർ നിർദ്ദേശപ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് PRICE Software മുഖേനയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. 2017 മാർച്ച് 31 വരെ DSR 2014 നിരക്കാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. 2017 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റുകളും DSR 2016 (with latest cost index) ഉപയോഗിച്ച് മാത്രമേ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പാടുള്ളൂ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി നിരക്ക് മാറ്റം PRICE Software-ലും കൊണ്ടുവന്നിട്ടുണ്ട്.

ഇതിനോടകം 2016 വർഷത്തെ ഫണ്ട് ഉപയോഗപ്പെടുത്തി നിരവധി പ്രവൃത്തികൾക്ക് ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിന് നിലവിൽ PRICE Software-ൽ DSR 2016 ആണ് ലഭ്യമായിട്ടുള്ളത്. എന്നാൽ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റുകൾ DSR 2014 പ്രകാരമായിരുന്നു. ഇപ്പോൾ PRICE Software-ൽ DSR 2014 ലഭ്യമല്ലാത്തതിനാൽ സാങ്കേതികാനുമതി ലഭ്യമാകുന്നതിന് ടി എസ്റ്റിമേറ്റുകൾ DSR 2016-ലൂടെ തയ്യാറാക്കേണ്ടതുണ്ട്. ഈ ഓഫീസിൽ ലഭ്യമായ എസ്റ്റിമേറ്റുകൾ താരതമ്യ പഠനം നടത്തിയതിൽ റോഡ് പ്രവൃത്തികൾക്ക് ശരാശരി 3%-ന്റെ വർദ്ധനവും, റീറ്റെയിനിംഗ് വാൾ, വാട്ടർ സപ്ലൈ പ്രവൃത്തികൾക്ക് ശരാശരി 4%-ഉം, കെട്ടിടങ്ങൾക്ക് 1%-ൽ താഴെ വർദ്ധനവുമാണ് DSR 2016 പ്രകാരം കാണുന്നത്. ആയതിനാൽ സാങ്കേതികാനുമതി നൽകുന്നതിന് മേൽപ്രകാരം ഉണ്ടാകുന്ന വ്യത്യാസം ഭരണാനുമതി തുകയിൽ തന്നെ നിലനിർത്തി അത്യന്താപേക്ഷിതമല്ലാത്ത ഘടകങ്ങൾ ഒഴിവാക്കി PRICE-ലൂടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കേണ്ടതാണ്.

കൂടാതെ നിലവിലുള്ള ഇ-ടെണ്ടർ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികളും തന്നെ Estimate below-ലാണ് award ചെയ്ത് വരുന്നത്. ഈ സാഹചര്യത്തിൽ, ഒഴിവാക്കിയ ഘടകങ്ങൾ ആവശ്യമാണെന്ന് പിന്നീട് കാണുന്നപക്ഷം ടി ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി ടി പ്രവൃത്തിയ്ക്ക് ബഹു. എം.എൽ.എ അനുവദിച്ച തുകയിൽ അധികരിക്കാതെ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ചെയ്യാവുന്നതാണ്.

ചീഫ് എൻജിനീയർ